പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (2021-2023)

ഒൻപതാമത് റിപ്പോർട്ട്

(2023 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2021-2023)

## ഒൻപതാമത് റിപ്പോർട്ട്

366/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1 |

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2021-2023)

ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പ്രമോദ് നാരായൺ

<u>അംഗങ്ങൾ</u> :

ശ്രീ. സി. എച്ച് . കുഞ്ഞമ്പു

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. വി. ആർ. സുനിൽ കുമാർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബ വർഗീസ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ് . വി., അണ്ടർ സെക്രട്ടറി

## റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2023 മാർച്ച് 17-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2023 മാർച്ച് 15-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിക്കുകയുണ്ടായി. അനൗദ്യോഗിക പ്രമേയങ്ങളുടെ ചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു:

| ക്രമ നമ്പർ | പ്രമേയങ്ങൾ | സമയം |
|---|---|---|
| 1 | ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക (ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം) (2023 മാർച്ച് 3-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | 12 മിനിറ്റ് |
| 2 | പാചകവാതകത്തിന്റെ വിലവർദ്ധനവ് പിൻവലിക്കുകയും സബ്സിഡി പുനഃസ്ഥാപിക്കുകയും ചെയ്യുക (ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം) | 36 മിനിറ്റ് |
| 3 | സിൽവർ ലൈൻ വിരുദ്ധ സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസുകൾ പിൻവലിക്കുന്നതിനും ഭൂമിയുടെ ക്രയവിക്രയം സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കുന്നതിനും നടപടി (ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം) | 36 മിനിറ്റ് |
| 4 | സംസ്ഥാനത്തിന് എയിംസ് അനുവദിക്കുക (ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം) | 36 മിനിറ്റ് |

3. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും പ്രമേയത്തിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും ആവശ്യമില്ലാതെ വരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു .

4. 2023 മാർച്ച് 15-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

5. 2023 മാർച്ച് 17-ാംതീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രമോദ് നാരായൺ,

*അദ്ധ്യക്ഷൻ,*
*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 മാർച്ച് 15.

അനുബന്ധം

## 2023 മാർച്ച് 17-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ

| ക്രമ നം. | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1 | ശ്രീ. എൻ. ഷംസുദ്ദീൻ (2023 മാർച്ച് 3-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) | <u>ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക</u><br>സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം. |

| | | |
|---|---|---|
| | | 2022-23-ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.<br>ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു. |
| 2 | ശ്രീ. പി. പി. ചിത്തരഞ്ജൻ | <u>പാചകവാതകത്തിന്റെ വിലവർദ്ധനവ് പിൻവലിക്കുകയും സബ്സിഡി പുനഃസ്ഥാപിക്കുകയും ചെയ്യുക</u><br>കേന്ദ്ര സർക്കാർ നയങ്ങളുടെ ഫലമായി രാജ്യത്തെമ്പാടും വിലക്കയറ്റം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാർ ഗാർഹിക പാചകവാതക സിലിണ്ടറിന് 50 രൂപ വീതവും വാണിജ്യ പാചകവാതക സിലിണ്ടറിന് 351 രൂപ വീതവും വർദ്ധിപ്പിച്ചത് വിലക്കയറ്റം കൂടുതൽ രൂക്ഷമാക്കും. 2021 ഫെബ്രുവരി 1-ന് സംസ്ഥാനത്ത് ഗാർഹിക പാചകവാതക സിലിണ്ടറിന്റെ വില 703.50 രൂപ ആയിരുന്നത് രണ്ട് വർഷത്തിനിടയിൽ 2023 മാർച്ച് 1-ന് 58 ശതമാനത്തിലധികം വർദ്ധിച്ച് |

| | | |
|---|---|---|
| | | 1112 രൂപയായി ഉയർന്നിരിക്കുകയാണ്. 2020 ജൂൺ മുതൽ ജനങ്ങളെ അറിയിക്കുക പോലും ചെയ്യാതെ ഗാർഹിക പാചകവാതകത്തിന് ലഭിച്ചിരുന്ന സബ്സിഡി നിർത്തലാക്കിയത് പാവപ്പെട്ടവരെ അതീവ ദുരിതത്തിലാക്കിയിരിക്കുന്നു.<br>2021 ജൂൺ മാസം വാണിജ്യ പാചകവാതക സിലിണ്ടറിന്റെ വില 1487.50 രൂപയായിരുന്നത് ഇപ്പോൾ 2143 രൂപയായി വർദ്ധിപ്പിച്ചത് ഭക്ഷണത്തിനായി ചെറുകിട റസ്റ്റോറന്റുകളേയും തട്ടുകടകളേയും ഉൾപ്പെടെ ആശ്രയിക്കുന്ന പാവപ്പെട്ടവർക്ക് കനത്ത ആഘാതം ഏൽപ്പിച്ചുകൊണ്ട് ഭക്ഷണത്തിന് വൻ വിലവർദ്ധനവിന് വഴിവച്ചിരിക്കുകയാണ്. പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും താല്പര്യം പരിഗണിച്ച് ഗാർഹിക വാണിജ്യ പാചകവാതകത്തിന് നീതീകരണമില്ലാതെ വർദ്ധിപ്പിച്ച വില പിൻവലിക്കണമെന്നും ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി പുനഃസ്ഥാപിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു. |
| 3 | ശ്രീ. എ. പി. അനിൽ കുമാർ | <u>സിൽവർ ലൈൻ വിരുദ്ധ സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസുകൾ പിൻവലിക്കുന്നതിനും ഭൂമിയുടെ ക്രയവിക്രയം സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കുന്നതിനും നടപടി</u><br>കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിക്കാതെയും പാരിസ്ഥിതിക സാമ്പത്തിക സാമൂഹിക ആഘാത പഠനങ്ങൾ നടത്താതെയും കേന്ദ്രസർക്കാരിന്റെയും റെയിൽവേ ബോർഡിന്റെയും അനുമതി നേടാതെയുമാണ് സിൽവർ ലൈൻ പദ്ധതി നടപ്പാക്കുവാൻ സംസ്ഥാന സർക്കാർ ശ്രമിച്ചത്. |

| | | |
|---|---|---|
| | | ഈ സാഹചര്യത്തിൽ സിൽവർ ലൈൻ പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടിക്കെതിരെ ഭൂവുടമകളും പൊതുജനങ്ങളും ശക്തമായ പ്രതിഷേധമുയർത്തി. എന്നാൽ ഇത്തരം ജനകീയ പ്രതിഷേധങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുകയും സ്വന്തം ഭൂമി സംരക്ഷിക്കാൻ സമരം ചെയ്ത സാധാരണ ജനങ്ങൾക്കെതിരെ ജാമ്യമില്ല വകുപ്പുകൾ ഉൾപ്പെടെ ചുമത്തി കേസെടുക്കുകയും ചെയ്തു.<br><br>വികസന പ്രവർത്തനങ്ങൾക്കായി ഭൂമി വിട്ടു നൽകുന്നവർക്ക് മാന്യമായ നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അവകാശം നൽകിയ നിയമമാണ് രണ്ടാം മൻമോഹൻ സിംഗ് സർക്കാർ പാസാക്കിയ, The Right to Fair Compensation and Transparency on Land Acquisition, Rehabilitation and Resettlement Act, 2013. എന്നാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 4(1) പ്രകാരം സോഷ്യൽ ഇംപാക്ട് അസ്സസ്മെന്റ് നടത്തി ആയത് എക്സ്പർട്ട് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നത് ഉൾപ്പെടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനു ശേഷമാണ് വകുപ്പ് 8(2) പ്രകാരം ലാൻഡ് അക്വിസിഷന് ഉള്ള ശിപാർശ അംഗീകരിക്കേണ്ടത്.<br><br>മേല്പറഞ്ഞ പ്രകാരം സാമൂഹിക-പാരിസ്ഥിതിക ആഘാത പഠനങ്ങൾ പൂർത്തീകരിച്ച് ക്രമാനുഗതമായി ഭൂമി ഏറ്റെടുക്കൽ നടപടികളിലേക്ക് കടക്കുന്നതിന് പകരം, ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 1221 ഹെക്ടർ ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പെടുത്തി 18-8-2021, 30-10-2021 തീയതികളിൽ ഉത്തരവുകൾ |

| | | |
|---|---|---|
| | | (G.O. (Ms.)163/2021/RD; G.O. (Rt.)3642/2021/RD) പുറപ്പെടുവിച്ചതിലൂടെ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സമാന്തരമായി നടപ്പാക്കാനാണ് സർക്കാർ ശ്രമിച്ചത്. അതിശക്തമായ ജനകീയ പ്രതിഷേധം ഉയർന്നുവരികയും, കേന്ദ്രസർക്കാരിന്റെയും റെയിൽവേ ബോർഡിന്റെയും അംഗീകാരം ലഭിക്കാതെ വരികയും ചെയ്തതിനെത്തുടർന്ന് സിൽവർ ലൈൻ പദ്ധതി അനിശ്ചിതത്വത്തിൽ ആവുകയും, ഭൂമി ഏറ്റെടുക്കാനായി നിയോഗിച്ച ഉദ്യോഗസ്ഥരെ പിൻവലിച്ചുകൊണ്ട് 27-11-2022-ന് റവന്യൂ വകുപ്പ് മറ്റൊരു നിർദ്ദേശം (REV-B1/421/2021/REV) നൽകുകയും ചെയ്തു. എന്നാൽ ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച ഉത്തരവുകൾ റദ്ദാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഉത്തരവുകളിൽ പരാമർശിക്കുന്ന സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമിയിലും അതിനോട് ചേർന്നുള്ള ബഫർ സോൺ മേഖലയിലും നിലവിൽ യാതൊരു ക്രയവിക്രയങ്ങളും നടക്കുന്നില്ല. പ്രസ്തുത ഭൂമി സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ ബാങ്കുകൾ വായ്പ നൽകുന്നതിനും തയ്യാറാകുന്നില്ല. സംസ്ഥാനത്തുടനീളം ഏക്കർ കണക്കിന് ഭൂമി ഇത്തരത്തിൽ ക്രയവിക്രയം ചെയ്യാൻ സാധിക്കാതെ പൊതുജനങ്ങൾ വലിയ പ്രതിസന്ധി നേരിടുകയാണ്.<br><br>ആയതിനാൽ സിൽവർ ലൈൻ വിരുദ്ധ സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസുകൾ പിൻവലിക്കണമെന്നും ഭൂമിയുടെ ക്രയവിക്രയം സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കുന്നതിനായി |

| | | |
|---|---|---|
| | | 18-8-2021, 30-10-2021 തീയതികളിലെ മേല്പറഞ്ഞ സർക്കാർ ഉത്തരവുകൾ റദ്ദാക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു. |
| 4 | ശ്രീ. കെ. യു. ജനീഷ് കുമാർ | <u>സംസ്ഥാനത്തിന് എയിംസ് അനുവദിക്കുക</u><br>സാർവ്വത്രിക ആരോഗ്യ പരിരക്ഷ, കുറഞ്ഞ മാതൃ-ശിശുമരണ നിരക്ക് തുടങ്ങി ലോകാരോഗ്യ സംഘടന 2030-ൽ കൈവരിക്കണമെന്ന് ലക്ഷ്യമിട്ടിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഏറെ മുന്നേ തന്നെ കൈവരിക്കുകയും പൊതുജനാരോഗ്യരംഗത്തെ എല്ലാ തലങ്ങളിലും വികസിത രാജ്യങ്ങളോട് കിടപിടിക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്ഥാനത്തിന്റെ ദീർഘകാലാവശ്യമാണ് ലോകോത്തര നിലവാരത്തിൽ അതിവിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കണമെന്നത്. 2016 മുതൽ ആരോഗ്യ മേഖലയിലെ മികവിന് സംസ്ഥാനത്തിന് ലഭിച്ച പുരസ്കാരങ്ങൾ നിരവധിയാണ്. ദേശീയ തലസ്ഥാനത്തിന് പുറമേ 18 സംസ്ഥാനങ്ങൾക്ക് കൂടി എയിംസ് അനുവദിച്ചിട്ടും കേരളത്തെ പരിഗണിക്കാതിരിക്കുന്നത് സംസ്ഥാനത്തിന് അർഹമായ പരിഗണന നല്കാതിരിക്കലാണ്. ഈ ആവശ്യവുമായി നിരവധി തവണ കേന്ദ്രസർക്കാരിനെ സമീപിക്കുകയും കോഴിക്കോട് നഗരത്തിന് സമീപം എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ 200 ഏക്കർ അനുയോജ്യമായ ഭൂമി ലഭ്യമാക്കാമെന്ന് 2017-ൽ കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.<br>ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കാൻ സത്വര നടപടിയുണ്ടാകണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. |